അവിടത്തെ സൂപ്രണ്ടിനോട് എനിക്ക് എഴുതിത്തരാൻ പറയണം. ആരോഗ്യ വകുപ്പുമന്ത്രിക്കോ ഹെൽത്ത് സർവ്വീസ് ഡയറക്ടർക്കോ ആലപ്പുഴ ജനറൽ ആശുപത്രിയിൽ മരുന്നില്ല എന്ന് രേഖാമൂലം എഴുതിത്തരാൻ പറയണം. അപ്പോൾ കാണാം, അവിടെ വേറെ എന്തോ കളി നടക്കുന്നുണ്ട്. ഗവൺമെന്റിന് മരുന്നു കൊടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ആലപ്പുഴ വെയർ ഹൗസിൽ മൂന്നു മാസത്തേയ്ക്കുള്ള മരുന്ന് സ്റ്റോക്കുണ്ട്. അങ്ങയുടെ മുമ്പിൽ വച്ചൊരു മീറ്റിംഗ് നടത്തിയപ്പോൾ അവിടെ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവിടെ ഡോക്ടർമാരും സ്റ്റാഫും ഇല്ലാത്തതല്ല പ്രശ്നം. ഇരുപത്തിയെട്ടോ മുപ്പതോ ഡോക്ടർമാർ പ്രതിബദ്ധതയോടെ വർക്കു ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അങ്ങും തയ്യാറാകണം. എറണാകുളം ജനറൽ ആശുപത്രിയിലോ തിരുവനന്തപുരം ജനറൽ ആശുപത്രിയിലോ ഡോക്ടർമാരും സ്റ്റാഫ് നേഴ്സും പാരാമെഡിക്കൽ സ്റ്റാഫും വർക്കു ചെയ്യുന്ന ഒരു രീതിയിലല്ല ഇവിടെ കാണുന്നത്. കാരണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർക്കു ചെയ്യുന്ന ശീലം അവിടെ ഇപ്പോഴും ആവർത്തിച്ചു വരുന്നു എന്നുള്ളതാണ്. അത് പരിഹരിക്കാൻ കഴിഞ്ഞാൽ നമുക്ക് ആ പ്രശ്നവും പരിഹരിക്കാം.

(7) ടി.ആർ. ആന്റ് ടി. തോട്ടത്തിലെ സമരം

ശ്രീ. കെ. രാജു.: സർ, പത്തനാപുരം താലൂക്കിലെ ആര്യങ്കാവ് പഞ്ചായത്തിൽപ്പെട്ട അമ്പലമേട് ടി. ആർ. & ടി കമ്പനിയിലെ തൊഴിലാളികൾ കഴിഞ്ഞ കുറേയേറെ ദിവസങ്ങളായി സമരത്തിലാണ്. ഈ കഴിഞ്ഞ ഒന്നാം തീയതി മുതൽ തൊഴിലാളി സംഘടനകളുടെ നേതാക്കൾ നിരാഹാര സത്യാഗ്രഹം നടത്തിവരികയാണ്. മാനേജ്മെന്റ് വളരെ ക്രൂരമായ നിലപാടാണ് തൊഴിലാളികളോട് സ്വീകരിക്കുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി.എൽ.സി) അംഗീകരിച്ച ശമ്പളം കൊടുക്കാൻ തയ്യാറാകാത്ത ഒരു മാനേജ്മെന്റാണ് അത്. പി.എൽ.സി. അംഗീകരിച്ച ഒരു ദിവസത്തെ ശമ്പളത്തിൽ നിന്ന് 25 രൂപ കുറച്ചാണ് അവിടെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ കൂലിയിൽ നിന്നുതന്നെ ഒരു മാസം 250 രൂപ ഒരു ശിക്ഷ എന്ന രീതിയിൽ തൊഴിലാളികളിൽ നിന്ന് മാനേജ്മെന്റ് പിടിക്കുകയാണ്. ഇടക്കാലത്തുവച്ച് കമ്പനി നഷ്ടത്തിലായിരുന്നു. അതുകൊണ്ട് ശമ്പളത്തിൽ നിന്ന് 250 രൂപ വച്ച് മാസം പിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കിരാതമായ നടപടി കേട്ടുകേൾവിയുള്ളതല്ല. അതിനെതിരായിട്ടാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള കൂലി കൊടുക്കണം, പിടിച്ച ശമ്പളം തിരിച്ചു കൊടുക്കണം, ഇതിന് തയ്യാറാകാത്ത മാനേജ്മെന്റിന്റെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, ടി.ആർ.ആന്റ് ടി. സാമി എന്നുപറയുന്ന ആൾ കടുത്ത തൊഴിലാളി ദ്രോഹിയും നീതിനിഷേധിയുമാണ്. പുതുതായി ആരംഭിച്ച സമരമല്ല. നിരന്തരമായി അയാളുടെ സ്ഥാപനത്തിൽ സമരമാണ്. പുകലപ്പാറയിൽ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കൊല്ലം സമരമായിരുന്നു. അമ്പലമേട് കഴിഞ്ഞ കൊല്ലവും ഈ കൊല്ലവും സമരമായിരുന്നു. പീരുമേട് താലൂക്കിൽ രണ്ടായിരം മുതൽ രണ്ട് തോട്ടങ്ങൾ അടച്ചിട്ടിരിക്കുകയായിരുന്നു. സ്വീകരിക്കാവുന്ന എല്ലാ നടപടികളും ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നതാണ്. അടച്ചിട്ട തോട്ടമാണെങ്കിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. ഇടുക്കി ജില്ലയിലെ രണ്ട് തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. മറ്റു കാര്യങ്ങൾക്ക് ലേബർ ഡിപ്പാർട്ടുമെന്റ് ശക്തമായ നടപടി സ്വീകരിക്കും.

(8) ഫിഷറീസ് ഹാർബറിന്റെ വിപുലീകരണം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പുതിയാപ്പ ഫിഷിംഗ് ഹാർബർ ഇപ്പോൾ നേരിടുന്ന ഒരു പ്രതിസന്ധി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. 200 ബോട്ടുകൾക്കുവേണ്ടി ഉണ്ടാക്കിയ ഒരു ഫിഷിംഗ് ഹാർബർ ആണ് അവിടെയുള്ളത്. ഇപ്പോൾ 500-ലധികം ബോട്ടുകളാണ് അവിടെ പ്രവർത്തിക്കുന്നത്. അതിന്റെ വിപുലീകരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മാതൃകാപരമായ പദ്ധതി അംഗീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഭാഗികമായാണ് അതിന് അംഗീകാരം കിട്ടിയത്. അങ്ങനെ വന്നപ്പോൾ അടിയന്തിരാവശ്യമുള്ള ഒരു പോർഷൻ വിട്ടുപോയി. അത് വാർഫിന്റെ വിപുലീകരണമാണ്. 500 ബോട്ടുകൾക്ക് വന്ന് അടുക്കാനും മത്സ്യം ഇറക്കാനും ആവശ്യമായ വാർഫ് ഇല്ലാത്തതാണ് അവിടത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് അവിടെ മത്സ്യം ഇറക്കുമ്പോൾ തൊഴിലാളികൾ തമ്മിൽ സംഘട്ടനവും വാക്കേറ്റവും ഉണ്ടാകുന്നതുകൊണ്ട് അതൊരു ക്രമസമാധാന പ്രശ്നമായി മാറുന്നു. അതുകൊണ്ട് ഗവൺമെന്റ് ശ്രദ്ധിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമതായി, ബാക്കി വച്ച ഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നതിനും 200 മീറ്റർ നീളത്തിലുള്ള ഒരു വാർഫ് എങ്കിലും അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള പ്രത്യേക അനുവാദം നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും മജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ ഇവിടെ ഉന്നയിച്ച പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം സംബന്ധിച്ച പ്രശ്നത്തിൽ 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന് സമർപ്പിച്ചിരുന്നു. ഇതിൽ പുതുതായി 75 മീറ്റർ നീളത്തിൽ വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും അതിന് എൻ.എഫ്.ഡി.ബി. ധനസഹായം അനുവദിക്കാത്തതിനാൽ നവീകരണത്തിനായി 280 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഫിഷ് ലാന്റിംഗ് ഏരിയ, പാർക്കിംഗ് ഏരിയ എന്നിവ വിപുലപ്പെടുത്തുവാനും ഡ്രെയിനേജ് സൗകര്യം,

LIBRARY ARCHIVES Kerala Legislative Assembly